പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5916 — 25.05.2017 ൽ മറുപടിക്ക്

**<u>ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി</u>**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത് എന്നാണ്; എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചത്; ആർക്കായിരുന്നു നിർമ്മാണച്ചുമതല; | (എ) 2015 നവംബറിലാണ് സന്നിധാനത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത്. ഹൈദ്രാബാദിലെ രാംകി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡാണ് കരാറുകാർ. പ്ലാന്റ് സ്ഥാപിച്ചതിന് നാളിതുവരെ 20,31,61,499/- (ഇരുപത് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) കരാറുകാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) പ്ലാന്റിന്റെ സ്ഥാപിത ശേഷി എത്രയാണ്; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രതിദിനം അഞ്ച് ദശലക്ഷം ലിറ്ററാണ് പ്ലാന്റിന്റെ സ്ഥാപിത ശേഷി. പ്ലാന്റ് പൂർണ്ണമായും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാന്റ് പൂർണ്ണമായും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിർമ്മാണത്തിൽ എന്തൊക്കെ അപാകതകളാണ് സംഭവിച്ചതെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) പ്ലാന്റിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചതായോ പാകപ്പിഴകൾ ഉള്ളതായോ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. പ്ലാന്റ് പൂർണ്ണമായും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാകാതെ വന്നാൽ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ